# ദൽഹി സർക്കാരിന്റെ കുടിവെള്ള സബ്സിഡി

അരുൺ ജെയ്റ്റ്ലി,
**പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

സബ്സിഡി എന്നാൽ വേർതിരിച്ചറിയാനാവാത്ത വിഭാഗത്തിൽ പെട്ട ജനങ്ങൾക്കു നൽകുന്ന കണക്കാക്കാനാകാത്ത തുടയാണ്. സബ്സിഡി വഴി ഒരു സർക്കാരിനു വില കുറയ്ക്കാനോ ചെലവു ചുരുക്കാനോ കഴിയില്ല. അതു നിലവിലുള്ള താരിഫിൽ മാറ്റം വരുത്തില്ല. അതു നികുതിപ്പണം അർഹരായ ഒരു വിഭാഗത്തിനു കൊടുക്കാനുള്ള സംവിധാനമാണ്. സബ്സിഡി എത്ര കൂടുന്നുവോ അത്രയും കൂടുതൽ നികുതി കൂട്ടേണ്ടിവരും സർക്കാരിന്. അതു നാളെ കടമായി മാറും. സബ്സിഡി വാസ്തവത്തിൽ അതു ബാധകമാക്കുന്ന ജനതക്കു കൂടുതൽ ബാധ്യതയാകും. മീറ്റർ സംവിധാനം വഴി 20 കിലോലിറ്റർ ജലം മാത്രം വിനിയോഗിക്കുന്നവർക്ക് അതു സൗജന്യമാക്കുന്ന സൗജന്യ ജലവിതരണ പദ്ധതിതന്നെ നോക്കാം. ഈ സംവിധാനം വാസ്തവത്തിൽ വെല്ലുവിളിയാകുന്നത് ജലവിതരണം നടത്തുന്നവർക്കാണ്, ജലവിതരണ സംവിധാനത്തിനു പുറത്തുള്ളവരെ കൂടി അതിൽ ഉൾപ്പെടുത്തേണ്ടിവരും. എല്ലാ പ്രദേശത്തും പൈപ് ലൈൻ ഇടുക, എല്ലാ വീടുകളിലും ടാപ്പുകൾ ഘടിപ്പിക്കുക, തുടങ്ങിയ കാര്യങ്ങൾ സാമ്പത്തിക ബാധ്യതയിൽ കുടുങ്ങിയിരിക്കുന്ന ദൽഹി ജല ബോർഡിന് കഴിയില്ല. ജല സബ്സിഡി അങ്ങനെ ദൽഹിയിലെ ഏറ്റവും ദുർബല വിഭാഗത്തിന് അപ്രാപ്യമാകുന്നു. പൈപ്പില്ലാത്ത പ്രദേശത്തും ടാപ്പിലാത്ത വീടുകൾക്കും മീറ്റർ ഇല്ലാത്ത വീടുകൾക്കും മീറ്റർ കേടായ വീടുകൾക്കും സബ്സിഡി ലഭിക്കില്ല. എൻഡിഎംസി പ്രദേശത്ത്, പ്രത്യേകിച്ച് വരുമാനം കുറഞ്ഞ ജീവനക്കാർ താമസിക്കുന്ന കന്റോൺമെന്റ് മേഖലയിൽ ഉള്ള വീട്ടുകാർ സബ്സിഡി അർഹതയില്ലാത്തവരായിരിക്കും. ഈ സബ്സിഡി ദുർബല വിഭാഗത്തെ ഒഴിവാക്കി മീറ്റർ പ്രകാരം ജലം ഉപയോഗിക്കുന്ന ഒരു ചെറു വിഭാഗത്തിനു മാത്രമായി ഒതുക്കിയിരിക്കുന്നു.

ദൽഹിയിൽ ഏതാണ്ട് 18 ലക്ഷം വാട്ടർ കണക്ഷനുകളുണ്ട്. ഇതിൽ എട്ടര ലക്ഷത്തിനേ പ്രവർത്തിക്കുന്ന മീറ്ററുള്ളു. അഞ്ചു ലക്ഷത്തോളം പ്രവർത്തിക്കാത്തവയോ േടുവന്നവയോ ആണ്. ശേഷിക്കുന്നവർക്ക് മീറ്ററേ ഇല്ല. ചേരികളിൽ താമസിക്കുന്ന വലിയൊരു വിഭാഗത്തിന് വാട്ടർ കണക്ഷൻ ഇല്ല. അവർ സൗജന്യ ജല പദ്ധതിയിൽ പെടുന്നില്ല. അവർക്കു ടാങ്കർ വെള്ളമാണു കിട്ടുന്നത്. ഒരു വലിയ പങ്കു കോളനികളും അംഗീകാരം ഇല്ലാത്തവയായതിനാൽ ജലവിതരണം അവിടെ ഇല്ല. അവിടങ്ങളിലെ വീടുകളിൽ പ്രത്യേക പൈപ്പ് കണക്ഷനുകളുമില്ല. അവരും സബ്സിഡിക്കു പുറത്താണ്. ദൽഹിയിലെ ഇടത്തരക്കാരായ, വീടുകളിൽ വാട്ടർ മീറ്ററുകളുള്ള, ദിവസം 20 കിലോ മീറ്റർ, അതായത് 666 ലിറ്റർ വെള്ളം മാത്രം ഉപയോഗിക്കുന്നവർക്കേ സീജന്യ ജലം ലഭിക്കുന്നുള്ളു. അതിൽ കൂടുതൽ ഒരു തുള്ളിവെള്ളം ഉപയോഗിക്കുന്നവർക്ക് നിലവിലുള്ള വിലയുടെ 10 ശതമാനം അധികം ഉപയോഗിക്കുന്ന മുഴുവൻ വെള്ളത്തിനും കൊടുക്കണം. അങ്ങനെ ഈ പദ്ധതിവഴി ദൽഹിയിലെ ജനതയെ നാലായി വിഭജിച്ചിരിക്കുകയാണ്. ഒന്നാമത്തേത് പൈപ്പ്ലൈനോ ടാപ്പോ ഇല്ലാത്തവർ, അവർ സബ്സിഡി വിഭാഗത്തിൽ പെടുന്നില്ല. രണ്ടാമത്തേ് മീറ്റർ കേടായവർ, അവരും ഈ പദ്ധതിയിൽ പെടുന്നില്ല, വെള്ളത്തിനു പണം കൊടുക്കണം. പ്രവർത്തിക്കുന്ന മീറ്റർ ഉള്ള, ദിവസം 20 കിലോ ലിറ്റർ വെള്ളത്തിൽ കൂടുതൽ ഉപയോഗിക്കാത്തവർക്കാണ് സബ്സിഡികിട്ടുക. 20 കിലോ ലിറ്റർ വെള്ളത്തിൽ കൂടുതൽ ഉപയോഗിക്കുന്നവർ 10 ശതമാനം അധിക നിരക്കിൽ പണം കൊടുക്കേണ്ടിവരും. മേൽപ്പറഞ്ഞ നാലു വിഭാഗത്തിൽ ഒരു ചെറിയ വിഭാഗത്തിനു മാത്രമായിരിക്കും സബ്സിഡി പദ്ധതിയുടെ നേട്ടം. ഈ വിഭാഗമാകട്ടെ ദുരിതമനുഭവിക്കുന്നരിൽ പെട്ടതല്ലാ താനും.